**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4133** **17-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതുസ്ഥലംമാറ്റത്തിന് മിശ്രവിവാഹിതർക്കുള്ള ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷയിൽ മിശ്രവിവാഹിതർക്ക് എന്തൊക്കെ ഇളവുകൾ ഉണ്ടെന്ന് വിശദമാക്കാമോ; | (എ) | 16.03.2024 -ലെ സ.ഉ.(കൈ) നം. 46/2024/LSGD നമ്പർ ഉത്തരവിന്റെ ഖണ്ഡിക 9 (ii) പ്രകാരം പ്രത്യേക മുൻഗണന അർഹിക്കുന്നവരെ സംബന്ധിച്ച പട്ടിക (2)-ൽ ക്രമ നമ്പർ 14 ൽ മിശ്രവിവാഹിതർക്ക്, മിശ്ര വിവാഹിതർ ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം പ്രത്യേക മുൻഗണനയായി **30 മാർക്ക്** നൽകിയിട്ടുണ്ട്. |
| (ബി) | മിശ്രവിവാഹിതരായ തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാർക്ക് ഒരേ ഓഫീസിൽ എത്ര വർഷം വരെ തുടരാനാകും എന്ന് വ്യക്തമാക്കാമോ? | (ബി) | 16.03.2024 -ലെ സ.ഉ.(കൈ) നം. 46/2024/LSGD നമ്പർ ഉത്തരവിന്റെ ഖണ്ഡിക 2 (ബി) യിൽ "ഒരു ഓഫീസിൽ നിലവിലെ കാറ്റഗറി /തസ്തികയിൽ അതത് വർഷം മാർച്ച് 31ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാരെ നിർബന്ധമായും സ്ഥലംമാറ്റേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മിശ്ര വിവാഹിതരായ ജീവനക്കാർക്ക് ഈ നിബന്ധനയിൽ പ്രത്യേക ഇളവുകളൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ